പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 134 06.03.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ കടബാദ്ധ്യത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം<br>'' കെ.സുരേഷ് കുറുപ്പ്<br>'' ആന്റണി ജോൺ<br>'' കെ.ഡി. പ്രസേനൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് വിശദമാക്കാമോ; ശമ്പളവും പെൻഷനും വൈകുന്നത് പരിഹരിക്കാനായി നടത്തുന്ന ശ്രമങ്ങൾ എന്തൊക്കെയാണ് ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ വരുമാനവും ചെലവും തമ്മിൽ പൊരുത്തപ്പെടാനാവാത്ത അന്തരമുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ ദൈനംദിന വരുമാനത്തിൽ നിന്ന് വായ്പകൾക്കുള്ള തിരിച്ചടവും ഭാഗീകമായി ഡീസലിന്റെ ചെലവും മാത്രമേ നിർവ്വഹിക്കാൻ സാധിക്കുന്നുള്ളൂ. ചെലവുകൾ വരുമാനത്തെക്കാൾ കൂടുതൽ ആയതിനാലും പ്രതിദിന ടിക്കറ്റ് വരുമാനത്തിൽ കുറവ് ഉണ്ടായിക്കൊണ്ടിരിക്കുന്നതിനാലും പുതിയ വായ്പകൾ എടുക്കാതെ ശമ്പളം നൽകാനാവാത്ത സാഹചര്യം നിലവിലുണ്ട്. ശമ്പളവും പെൻഷനും മുടങ്ങുന്നത് പരിഹരിക്കുന്നതിനായി സർക്കാർ സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. |
| (ബി) | മുൻ സർക്കാർ സൂപ്പർ ക്ലാസ്സ് റൂട്ട് അനുവദിക്കുന്ന കാര്യത്തിലും വിദ്യാർത്ഥികൾക്ക് ഉൾപ്പെടെ വിവിധ വിഭാഗങ്ങൾക്ക് സൗജന്യ യാത്ര അനുവദിക്കുന്നതിലും ഓർഡിനറി ബസ്സുകളുടെ ടിക്കറ്റ് നിരക്ക് കുറയ്ക്കുന്ന കാര്യത്തിലും സ്വകാര്യ മേഖലയെ പ്രോത്സാഹിപ്പിക്കുന്ന നയം സ്വീകരിച്ചത് കെ.എസ്.ആർ.ടി.സി.യെ എത്ര | (ബി) | മുൻ സർക്കാരിന്റെ കാലയളവിൽ സൂപ്പർക്ലാസ് റൂട്ടുകൾ കെ.എസ്.ആർ.ടി.സി. ഏറ്റെടുക്കുകയും സ്വകാര്യമേഖലയിൽ ഓടിക്കൊണ്ടിരുന്ന വാഹനങ്ങൾക്ക് താൽക്കാലികമായി പെർമിറ്റ് നൽകി ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറിയായി ഓടുവാൻ അനുവാദം കൊടുത്തതുമൂലം കെ.എസ്.ആർ.ടി.സി. ബസുകളുടെ വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് സൗജന്യയാത്ര അനുവദിച്ചതുമൂലം ഒരു |

| | | | |
|---|---|---|---|
| | മാത്രം ബാധിച്ചെന്ന് അറിയിക്കാമോ; | | വർഷം ഏകദേശം 64 കോടി രൂപയും കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റ് നിരക്കിൽ ഒരു രൂപ കുറവ് വരുത്തിയത് മൂലം പ്രതി മാസം ശരാശരി എട്ട് കോടി രൂപയുടെ നഷ്ട വും കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടായിട്ടുണ്ട്. |
| (സി) | പെൻഷൻ ബാദ്ധ്യതയേക്കാൾ കൂടുതൽ തുക പലിശയ്ക്കായി നീക്കിവയ്ക്കേണ്ടി വരുന്നത് കണക്കിലെടുത്തും സാമൂഹ്യ സേവനങ്ങൾക്കായി ഏറ്റെടുക്കുന്ന ബാദ്ധ്യതയും ഡീസലിൻമേലുള്ള നികുതി വരുമാനവും പരിഗണിച്ച് കെ.എസ്.ആർ.ടി.സി.യുടെ കട ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുന്നത് പരിഗണിക്കുമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ